"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.വിശ്വനാഥൻ.പി (എച്ച്.എസ്.ടി, ജി.ആർ.എച്ച്.എസ്.എസ്, കോട്ടക്കൽ, മലപ്പുറം)-യുടെ കുടുംബശ്രീ സംസ്ഥാനമിഷനിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2202/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന

3 26.05.2017-ലെ സ.ഉ(സാധാ)നം.1741/2017/തസ്വഭവ

4 10.05.2018-ലെ സ.ഉ(സാധാ)നം.1313/2018/തസ്വഭവ

5 26.08.2020-ലെ സ.ഉ(സാധാ)നം.1582/2020/തസ്വഭവ

6 കുടുംബശ്രീ ഡയറക്ടറുടെ 20.08.2020-ലെ 6161/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം കോട്ടക്കൽ ജി.ആർ.എച്ച്.എസ്.എസ്-ലെ എച്ച്.എസ്.ടി ആയ ശ്രീ.വിശ്വനാഥൻ.പി-യെ പരാമർശം (3)-ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ സംസ്ഥാനമിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. തുടർന്ന് ടിയാളുടെ അന്യത്രസേവന കാലാവധി പരാമർശം (4), (5) ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ടിയാളുടെ അന്യത്രസേവന കാലാവധി 05.06.2020ന് അവസാനിച്ചതായും 06.06.2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവനകാലം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം(6)-ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വിശ്വനാഥൻ.പി-യുടെ കുടുംബശ്രീ സംസ്ഥാനമിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 06.06.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ,തിരുവനന്തപുരം

ശ്രീ.വിശ്വനാഥൻ.പി(വിദ്യാഭ്യാസ ഉപ ഡയറക്ടർ മുഖേന)

വിദ്യാഭ്യാസ ഉപ ഡയറക്ടർ,മലപ്പുറം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ